# പ്രതികരണങ്ങൾ — 34



പ്രതികരണങ്ങൾ — 34
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Huts on pond, a painting by VKras. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കരുണാകരൻ: ബൂർഷ്വാ സ്നേഹിതൻ

**ഇ. മാധവൻ:** അപരന്മാരിൽ ജീവിക്കുന്ന നമ്മൾ; നമ്മളിൽ ജീവിക്കുന്ന അപരർ. ആരും മരിക്കുന്നില്ല. ശബ്ദങ്ങളും ശൂന്യതകളും സന്നിദ്ധാനുഭവങ്ങളും കരുണാകരന്റെ കഥാപാത്രങ്ങളായി അനുഭവപ്പെടുന്നു. നല്ല വായന.

## അഭിരാം, എസ്. : എട്ടു കവിതകൾ

**ഒ. അരുൺകുമാർ:** ഭാഷയും കവിതയും ഒന്നാകുന്ന കാവ്യാനുഭവം.

**Satchidanandan:** Loved the poems. Economic, terse.

**പി. ശിവപ്രസാദ്:** മികച്ച ശൈലിയുള്ള പുതുമയുള്ള എഴുത്ത്.

അഭിനന്ദനങ്ങൾ, അഭിരാം.

**വി. പി. ബി. ശ്രീപദം:** ഭാവത്തെ തീക്ഷ്ണവും സമ്മോഹനവുമാക്കുന്ന മോഹനന്റെ വര...

## ബി. രാജീവൻ: രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രഭാത ഭേരി!

**സതീശ് ചന്ദ്രൻ:** രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രഭാതഭേരി; ഒരു കോട്ടുവ.

ഡൽഹിയിൽ നടക്കുന്ന കർഷക സമരത്തെ പിന്തുണയ്ക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഈ ലേഖനത്തിന് കർഷക സമരവുമായി എന്തു ബന്ധം എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്തുവാൻ കഴിയില്ല.

ഇന്ത്യയിൽ 11% മാത്രമേ കർഷകരുള്ളൂ. അതിൽ തന്നെ 4% മാത്രമേ കൃഷി മുഖ്യ വരുമാനമാകുന്നുള്ളൂ. 32% കർഷക തൊഴിലാളികൾ. പിന്നെയും ഏതാണ്ട് 20 ശതമാനത്തിനടുത്ത് ഭാഗികമായി കൃഷിയെ ആസ്പദിച്ച ജീവിക്കുന്നവർ. സെൻസസ് ഈ വിഭാഗത്തെ അവഗണിക്കുന്നു.

കർഷകരുടെ ആവശ്യം കുത്തക മുതലാളിത്ത ബ്ല ബ്ല തകർക്കലല്ല. അവർക്കു തുല്യമായി ജീവിക്കാനുള്ള വരുമാനം ഉണ്ടാക്കലാണ്.

മേലാളനും കീഴാളനും സവർണ്ണനുമൊക്കെ ഈ ഫ്രെയിമിൽ എവിടെ എന്ന ചോദ്യം വരാം. എല്ലാം കമ്മൂണിസ്റ്റ ഫ്രെയിമിൽ ആക്കാനുള്ള ത്വര എന്നതിനപ്പുറം ഒരു ഗൗരവം ലേഖനത്തിൽ കാണുന്നില്ല.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജി പ്രവേശിക്കുന്നത് ചമ്പാരൻ സമരത്തിലൂടെയാണ്. ചമ്പാരനിലൂടെ നേടിയത് നില നിർത്തുവാൻ വേണ്ടിയുള്ളതാണ് കർഷക സമരം. സമരത്തെ പിൻതാങ്ങുന്ന എന്നെപ്പോലുള്ളവരുടെ താല്പര്യം ജനാധിപത്യ വിരുദ്ധമായി നീങ്ങുന്ന വിഭജന വർഗ്ഗീയ ശക്തികളെ അധികാരത്തിൽ നിന്ന് പുറത്താക്കുക എന്നുള്ളതുമാണ്.

വിഭവസമൃദ്ധമായ സദ്യയ്ക്കു ശേഷം അര മുറി മയക്കത്തിൽ പ്രത്യക്ഷപ്പെടുന്ന വികലമായ സ്വപ്ന ചിന്തകൾക്കപ്പുറം ലേഖനം വിഷയത്തെ പരാമർശിക്കുന്നില്ല. നാം ജീവിക്കുന്നത് 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലോ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലോ ആണെന്ന ധാരണയിലാണ് രചന എന്നു തോന്നാം.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതോ ഗാന്ധിജി കൊല്ലപ്പെട്ടതോ അറിയാത്ത ജനങ്ങൾ ഒരുപക്ഷേ, ഉണ്ടാകാം. പക്ഷേ, കമ്മൂണിസം മരിച്ചു എന്നറിയാത്തവർ ഉണ്ടെങ്കിൽ സാക്ഷരതയുടെ ശതമാന നിരക്കിൽ തെറ്റു സംഭവിച്ചു എന്നു കണക്കാക്കേണ്ടി വരും.

**ബി. രാജീവൻ:** 'രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രഭാതഭേരി: കർഷകസമരത്തെ മുൻനിർത്തി ഭാവി രാഷ്ട്രീയത്തിന് ഒരാമുഖം' എന്ന എന്റെ ലേഖനത്തെ കുറിച്ചുള്ള ശ്രീ. സതീഷ് ചന്ദ്രന്റെ പ്രതികരണം കണ്ടു.

'രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രഭാതഭേരി; ഒരു കോട്ടുവാ' എന്ന പ്രതികരണത്തിന്റെ തുടക്കം തന്നെ എന്റെ ആശയങ്ങളോടുള്ള അദ്ദേഹത്തിന്റെ കടുത്ത അസഹിഷ്ണുതയെ വിളിച്ചോതുന്നു. ലേഖനം പൂർണ്ണമായി വായിക്കാനോ ആശയങ്ങളോട് യുക്തിപൂർവ്വം പ്രതികരിക്കാനോ ഉറഞ്ഞുതുള്ളുന്ന ഈ അസഹിഷ്ണുത അദ്ദേഹത്തെ അനുവദിക്കുന്നില്ല എന്ന് തുടർന്ന് വരുന്ന വാക്കുകളിൽ നിന്ന് വ്യക്തം. ഏതായാലും പ്രതികരണം അവസാനം വരെ വായിച്ചപ്പോൾ എനിക്ക് ബോധ്യമായ ഒരു വസ്തുത ചരിത്ര ബോധമില്ലാത്ത ഒരു കമ്മ്യൂണിസ്റ്റ് വിരുദ്ധന്റെ തലക്ക് താങ്ങാനാവാത്ത ഒരടിയായി എന്റെ ലേഖനം ഭവിച്ചു എന്നാണ്. അതുകൊണ്ടുള്ള നിലവിളിയായി മാത്രമേ ഞാൻ ഈ പ്രതികരണത്തെ കാണുന്നുള്ളൂ. എന്റെ ലേഖനത്തിന് ജീവനുണ്ടെന്ന് കാണിക്കുന്ന ഒരു നിലവിളി.

കേരളത്തിലെ പല കർഷക സമര ഐക്യദാർഢ്യ വേദികളും ലഘുലേഖയായി ഈ ലേഖനം പ്രചരിച്ചു വരുന്നു. ഈ ലേഖനത്തെ കുറിച്ച് പ്രസിദ്ധ രാഷ്ട്രീയ നിരീക്ഷകനായ ഡോ. ആസാദ് അദ്ദേഹത്തിന്റെ ഫെയ്സ് ബുക്ക് പേജിലും ഓൺലൈൻ വെബ്പേജിലും എഴുതിയ മറ്റൊരു കുറിപ്പ് വായനക്കാരുടെ അറിവിലേക്കായി ഇവിടെ ചേർക്കുന്നു.

പ്രൊഫസർ ബി. രാജീവൻ എഴുതിയ 'രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രഭാതഭേരി' എന്ന ലഘുലേഖ അതീവ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതുണ്ട്. കർഷക സമരം മുൻനിർത്തി ഭാവി രാഷ്ട്രീയത്തിന് ഒരാമുഖമെഴുതുകയാണ് അദ്ദേഹം. രാഷ്ട്രീയ ദർശനങ്ങളും അവയുടെ അർത്ഥപൂർണ്ണമായ പ്രായോഗിക മുന്നേറ്റങ്ങളും സ്തംഭിച്ചു നിൽക്കുന്ന കാലത്ത് പുതിയ തുടക്കങ്ങൾക്കുള്ള ഊർജ്ജമാണ് ഈ ലഘുകൃതി. അശരണരും അനാഥരും ആയിക്കഴിഞ്ഞ ഇന്ത്യൻ കർഷക കീഴാള ജനതയെ പുതിയ ആഗോള മൂലധന അധിനിവേശത്തിനു പൂർണ്ണമായി അടിപ്പെടുത്താനുള്ള ഇന്ത്യൻ ഭരണവർഗങ്ങളുടെ ശ്രമത്തിന്റെ ഭാഗമാണ് നരേന്ദ്രമോദി ഗവൺമെന്റ് പാർലമെന്റിൽ പാസാക്കിയെടുത്ത കാർഷിക നിയമങ്ങളെന്ന് രാജീവൻ ശരിയായി അടയാളപ്പെടുത്തുന്നു. പല കാലത്ത് അട്ടിമറിക്കപ്പെട്ട കാർഷിക കീഴാള പോരാട്ടങ്ങളുടെ പൊതുവേദിയിലേക്ക് ഇന്ത്യൻ രാഷ്ട്രീയം തിരിച്ചെത്തിയിരിക്കുന്നു. അട്ടിമറികൾക്കു നേതൃത്വം വഹിച്ച രാഷ്ട്രീയ–അധികാര ബന്ധങ്ങളുടെ ഘടനാപരമായ മാറ്റങ്ങൾ പരിശോധിച്ചു പ്രതിരോധ രാഷ്ട്രീയം ശക്തിപ്പെടുത്തേണ്ട ബാദ്ധ്യത ഓർമ്മിപ്പിക്കുന്നു ബി. രാജീവൻ.

ബി. ജെ. പി. സർക്കാർ അധികാരമേറ്റതോടെ (2014-ൽ) ആഗോള കോർപറേറ്റ് മൂലധന സാമ്രാജ്യത്വ ശക്തികളും ഇന്ത്യൻ നവ ഫാസിസ്റ്റ് രാഷ്ട്രീയ ശക്തികളും തമ്മിലുള്ള പുതിയ ഒത്തുചേരലാണ് ഉണ്ടായിരിക്കുന്നത്. നരേന്ദ്രമോദി ഗവണ്മെന്റ് അധികാരത്തിൽ വന്ന ശേഷമുള്ള ഓരോ രാഷ്ട്രീയ സാമ്പത്തിക നടപടിയും ഭരിക്കപ്പെടുന്ന ജനകോടികളും ഭരണകൂടവും തമ്മിലുള്ള ജനാധിപത്യ രാഷ്ട്രീയ ഉടമ്പടിക്കു നേരേ കണ്ണടച്ചുകൊണ്ടുള്ള, ഏകപക്ഷീയവും സമഗ്രാധിപത്യപരവുമായ ചുവടുവെപ്പുകളായിരുന്നു. ഇവയുടെ ഏറ്റവും ഉയർന്ന രൂപമാണ് പുതിയ കാർഷിക നിയമം.

ഇപ്പോൾ രൂപപ്പെടുകയും ശക്തിയാർജ്ജിക്കയും ചെയ്ത പ്രക്ഷോഭം പുതിയ കാലത്ത് ഉയർന്നുവന്ന രാഷ്ട്രീയ പ്രയോഗമാണ്. ഏതെങ്കിലും പാർട്ടി കേന്ദ്രങ്ങളുടെയോ ഭരണകൂട ഉടമ്പടികളുടെയോ സ്വാധീനം അതിൽ കാണില്ല. ഇന്നു ലോകത്തു നിലനിൽക്കുന്ന തലകീഴായ അധികാര ബന്ധഘടനയെ നേരെ നിർത്താനുള്ള ശ്രമമാണത്. പഴയ ഘടനയെ അപ്രസക്തമാക്കുന്ന യുഗ നിർണ്ണായകമായ ഒരു പുതിയ രാഷ്ട്രീയത്തിലേക്ക് ലോകം നീങ്ങുകയാണെന്ന് ബി. രാജീവൻ ചൂണ്ടിക്കാട്ടുന്നു. നമുക്കു യോജിക്കാനും വിയോജിക്കാനും ഏറെയിടങ്ങളിട്ട് സംവാദത്തിന് തിരി വെച്ചിരിക്കുകയാണ് ഈ ലഘുലേഖ. പഴയ അധികാരബന്ധഘടന നിലനിർത്താത്ത പുതിയ രാഷ്ട്രീയ വിപ്ലവത്തിന്റെ മാനിഫെസ്റ്റോയാണിത്. ഇതിനെ യുക്തിപൂർവ്വം നേരിടാതെ ഒരു രാഷ്ട്രീയ കക്ഷിക്കും ഇനി മുന്നോട്ടു പോകാനാവില്ല.

അനിവാര്യമായ പുതിയ ജനസഞ്ചയ രാഷ്ട്രീയത്തിന്റെ സിദ്ധാന്തവും പ്രയോഗവഴികളും തെളിച്ചു കാട്ടുകയാണ് ബി. രാജീവൻ. മാർക്സും ഗാന്ധിയും അംബേദ്കറും സന്ധിക്കുന്ന രാഷ്ട്രീയ ദർശനമാണത്. സ്റ്റാലിനിസത്തിന്റെ തടവറയിൽനിന്നു പുറത്തുവന്ന മാർക്സിന്റെയും നവസവർണ്ണ മുതലാളിമാരുടെ കോൺഗ്രസ്സിനെ കയ്യൊഴിഞ്ഞ ഗാന്ധിയുടെയും അനുയായികളുടെ അടഞ്ഞ ലിബറൽ സ്വത്വ രാഷ്ട്രീയവാദത്തിൽനിന്നും മൈത്രി എന്ന ബുദ്ധമത പരികൽപ്പനയെ ഒരു ഭാവി രാഷ്ട്രീയ പരികൽപ്പനയായി ഉയർത്തിയെടുത്ത അംബേദ്കറുടെയും വികസ്വരമായ തുറന്ന ചിന്തകൾ വരാനിരിക്കുന്ന സ്വാതന്ത്ര്യ സമരങ്ങൾക്കു ശക്തി പകരുമെന്ന് ലേഖകൻ പ്രത്യാശിക്കുന്നു.

ഒരു ലഘുലേഖ ഗൗരവകരമായ വായനയ്ക്കു വേണ്ടി മുന്നോട്ടു വെയ്ക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഞാൻ എന്നെത്തന്നെ കടുത്ത വിചാരണയ്ക്കു കൂട്ടിൽ കയറ്റി നിർത്തിയിരിക്കുന്നു. ആ വിചാരണയുടെ ഫലം പിന്നീട് എഴുതാൻ കഴിയുമെന്ന് കരുതുന്നു. ഏതായാലും പുതിയ മുന്നേറ്റങ്ങൾക്കു വേണ്ട സ്വയം വിശകലനത്തിന്റെയും ചരിത്ര വിചാരണയുടെയും കനലുകൾ ഈ കൃതിയിൽ എരിയുന്നുണ്ട്.

ആസാദ്

17 ഫെബ്രുവരി 2021.

(ഫെബ്രുവരി 7 മുതൽ 20 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014